**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3389** **04-08-2021 - ൽ മറുപടിയ്ക്ക്**

**അവശത അനുഭവിക്കുന്നവർക്ക് സാന്ത്വന പരിചരണം നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ, ശ്രീ. വി. ആർ. സുനിൽകുമാർ, ശ്രീ. പി. ബാലചന്ദ്രൻ, ശ്രീ . മുഹമ്മദ് മുഹസിൻ പി .** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കിടപ്പുരോഗികളടക്കം അവശത അനുഭവിക്കുന്നവർക്ക് സാന്ത്വന പരിചരണം നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) | തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം എന്ന് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വനപരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കാവുന്നതാണെന്നും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം കിടപ്പ് രോഗികൾക്കും അവശത അനുഭവിക്കുന്നവർക്കും സാന്ത്വന പരിചരണം നൽകുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാലിയേറ്റീവ് കെയർ പരിചരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | അവശത അനുഭവിക്കുന്നവർക്ക് സന്നദ്ധ സേന വഴി സഹായം എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സർക്കാരിന്റെ പത്തിന പരിപാടിയിൽ ഉൾപ്പെടുത്തി, വയോജനങ്ങൾക്കും മാരകരോഗം ബാധിച്ചവർക്കും ഭിന്നശേഷിക്കാർക്കും സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്നത് ഒഴിവാക്കാൻ, അവരുടെ അടുത്തേയ്ക്ക് സേവനങ്ങൾ കൂടുതൽ സുഗമവും കാര്യക്ഷമവും സമയബന്ധിതവുമായി എത്തിച്ചേരേണ്ടതിന്റെ ആവശ്യകത പരിഗണിച്ച്, സാമൂഹ്യ സന്നദ്ധ സേനയുടെയും മറ്റ് സന്നദ്ധ സേവന ദാതാക്കളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടു കൂടി വീടുകളിൽ നേരിട്ടെത്തി സർക്കാർ സേവനം ലഭിക്കുന്നതിനാവശ്യമായ |

| | | | |
|---|---|---|---|
| | | | സഹായങ്ങൾ പ്രദാനം ചെയ്യുവാൻ ലക്ഷ്യമിട്ട് വാതിൽപ്പടി സേവന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ, CMDRF ലെ സഹായം, അത്യാവശ്യ ജീവൻ രക്ഷാ മരുന്നുകൾ എന്നിവ ഉൾപ്പെടുന്ന 5 സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ഇത്തരത്തിലുള്ളവർക്ക് രോഗീപരിചരണത്തോടൊപ്പം ഭക്ഷ്യസുരക്ഷ കൂടി ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വനപരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ